**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** | **30-08-2022 - ൽ മറുപടിയ്ക്ക്**

**പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2011-12 അധ്യായന വർഷത്തിന് ശേഷം പി.ടി.എ. സമിതിയുടെ അംഗീകാരത്തോടുകൂടി ആരംഭിച്ച പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള അംഗീകാരം സംബന്ധിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ; | (എ) | **07/12/2012-ലെ G.O(MS)No.385/ 2012/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരമില്ലാതെ പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടില്ലാത്തതിനാൽ സർക്കാർ അംഗീകാരം ലഭിയ്ക്കാതെ 2011-12 അധ്യയന വർഷത്തിന് ശേഷം പി.ടി.എകൾ ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറി സ്കൂൾ കുട്ടികളെ നിലവിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടുത്തുവാൻ വ്യവസ്ഥയില്ല. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങ ളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ വരുന്ന വിദ്യാലയങ്ങളിലെയും 1 മുതൽ 8 -ാം ക്ലാസ്സുവരെ പഠിക്കുന്നതോ അല്ലെങ്കിൽ ആറു മുതൽ പതിനാല് വയസ്സ് വരെയുള്ളവരോ ആയ വിദ്യാർത്ഥികൾക്കോ ആണ് സ്കൂൾ ഉച്ചഭക്ഷണം ലഭിക്കുവാൻ അർഹത യുള്ളത്. ടി നിയമത്തിൽ പരാമർശിച്ചി ട്ടുള്ള പ്രസ്തുത വിഭാഗം കുട്ടികൾക്ക് മാത്രമാണ് സൗജന്യ ഭക്ഷ്യ ധാന്യവും ധനസഹായവും കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. 2022-23 വർഷം മുതൽ സമഗ്രശിക്ഷയുടെ പിന്തുണ ലഭിക്കുന്ന സർക്കാർ സ്കൂളുകളി ലെ പ്രീ-പ്രൈമറി / ബാലവാടികളിലെ കുട്ടികളെ കൂടി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2011-2012 അദ്ധ്യയന വർഷം വരെ ഉച്ചഭക്ഷണം നൽകി വന്നിരുന്ന എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്ക് കൂടി ഉച്ചഭക്ഷണം നൽകി വരുന്നു. ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രീ-പ്രൈമറി** |

| | | | |
|---|---|---|---|
| | | | **വിഭാഗത്തിലുള്ള സ്കൂൾ കുട്ടികളെയും കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.** |
| (ബി) | പുനലൂർ മണ്ഡലത്തിലെ ഒട്ടുമിക്ക സ്കൂളുകളിലും പ്രീപ്രൈമറി തുടങ്ങിയ കാലം മുതൽ സ്കൂൾ അധ്യാപകരും പി.ടി.എ.യും കണ്ടെത്തി നൽകുന്ന തുക ഉപയോഗിച്ച് , പ്രൈമറി കുട്ടികളോടൊപ്പം പ്രീപ്രൈമറി കുട്ടികൾക്കും ഉച്ചഭക്ഷണം നൽകി വരികയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പുനലൂർ മണ്ഡലത്തിൽ പി.റ്റി.എ നടത്തുന്ന 55 പ്രീ-പ്രൈമറി സ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉച്ച ഭക്ഷണം നൽകി വരുന്നു. ടി മണ്ഡല ത്തിലെ 11 സ്കൂളുകളിലെ പ്രീ -പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഉച്ച ഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രീ-പ്രൈമറി സ്കൂൾ വിഭാഗം കുട്ടികളെയും കൂടി ടി പദ്ധതിയിൽ കീഴിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പ്രീപ്രൈമറി വിഭാഗത്തിൽ നൂറിലധികം കുട്ടികൾ ഉള്ളതിനാൽ ഇവർക്ക് ഉച്ചഭക്ഷണം നൽകാൻ പി.ടി.എ. യ്ക്ക് കഴിയുന്നില്ലെന്നുള്ളതിനാൽ സർക്കാരിന്റെ ഉച്ചഭക്ഷണപദ്ധതിയിൽ ഇവരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ? | (സി) | പുനലൂർ മണ്ഡലത്തിൽ പി.റ്റി.എ നടത്തുന്ന 55 പ്രീ-പ്രൈമറി സ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉച്ച ഭക്ഷണം നൽകി വരുന്നു. ടി മണ്ഡല ത്തിലെ 11 സ്കൂളുകളിലെ പ്രീ -പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഉച്ച ഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രീ-പ്രൈമറി സ്കൂൾ വിഭാഗം കുട്ടികളെയും കൂടി ടി പദ്ധതിയിൽ കീഴിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ